LIBRARY ARCHIVES Kerala Legislative Assembly

കായികതാരങ്ങൾക്ക് ഗ്രേസ് മാർക്കും സംവരണവും തുടരാൻ നടപടി

138 [3319] ശ്രീ. റോഷി അഗസ്റ്റിൻ:

" തോമസ് ചാഴികാടൻ:

" കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക രംഗത്ത് മികവ് പുലർത്തുന്ന കായിക താരങ്ങൾക്ക് നൽകുന്ന ഗ്രേസ് മാർക്ക് നിർത്തലാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇവരുടെ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം നിഷേധിക്കുന്ന ഈ സാഹചര്യം ഒഴിവാക്കാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പ്ലസ് വൺ പ്രവേശനത്തിന് നിലവിലുള്ള സ്പോർട്സ് ക്വാട്ടാ നിർത്തലാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) കായിക താരങ്ങളുടെ തുടർന്നുള്ള പഠനത്തിന് ഗ്രേസ് മാർക്ക് നൽകുന്നതിനും സംവരണം നിലനിർത്തുന്നതിനും സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ ആന്റ് ബി) എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഗ്രേഡിംഗ് നിലവിൽ വരുന്നതോടെ ഗ്രേസ് മാർക്ക് ഇല്ലാതാകുന്നതാണ്. ഗ്രേഡിംഗ് സമ്പ്രദായം അനുസരിച്ച് പാർട്ട് II-ൽ പ്രവൃത്തി പരിചയം, കലാപഠനം, ആരോഗ്യവും കായിക വിദ്യാഭ്യാസവും എന്നീ വിഷയങ്ങളിലെ പഠിതാവിന്റെ നൈപുണ്യം വിലയിരുത്തപ്പെടുന്നുണ്ട്. പ്രസ്തുത വിഷയങ്ങളിൽ പ്രാഗൽഭ്യം തെളിയിക്കുന്ന കുട്ടികൾക്ക് തുടർന്നുള്ള പഠനത്തിന്റെ അഡ്മിഷൻ സമയത്ത് പാർട്ട് II-ന് ഒരു നിശ്ചിത വെയിറ്റേജ് നൽകുന്നതാണ്.

(സി) ഇല്ല.

(ഡി) 'ബി' പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

ഷോളയാർ മാറനട്ടി ഡി.പി.ഇ.പി. സെന്ററിന് പുതിയ കെട്ടിടം

139 [3320] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ ഷോളയാർ വില്ലേജിലെ കോഴിക്കൂടം മാറനട്ടി ഊരിൽ പ്രവർത്തിക്കുന്ന ഡി.പി.ഇ.പി. സെന്ററിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

(ബി) ഈ സെന്റർ പ്രവർത്തിക്കുന്നത് ഇപ്പോൾ ഏത് കെട്ടിടത്തിലാണ്;

(സി) വർഷക്കാലത്ത് ഈ കെട്ടിടത്തിന്റെ ചോർച്ച കാരണം ഇവിടുത്തെ കുട്ടികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കൂടം .. 46 കുട്ടികൾ
മാറനട്ടി .. 21 കുട്ടികൾ

(ബി) ഈ കേന്ദ്രങ്ങൾ ഡി.പി.ഇ.പി. അനുവദിച്ച ഓലമേഞ്ഞ ഷെഡുകളിലാണ് പ്രവർത്തിച്ചിരുന്നത്. ഈ വർഷക്കാലത്ത് കാറ്റിലും മഴയിലും മേൽക്കൂര പറന്ന് പോകുകയും ഷെഡ്ഡുകൾ ക്ലാസ്സുകൾ നടത്താൻ പറ്റാത്ത വിധത്തിൽ തകരുകയും ചെയ്തതിനാൽ സമീപത്തുള്ള ഒരു വീട്ടിൽ കോഴിക്കൂടം കേന്ദ്രവും ഭാഗികമായി തകർന്ന ഷെഡ്ഡിൽ മാറനട്ടി കേന്ദ്രവും പ്രവർത്തിക്കുന്നു.

(സി) ഉണ്ട്.

(ഡി) എസ്.എസ്.എ.-യുടെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് ഭിന്നതല പഠനകേന്ദ്രങ്ങളിൽ പുതിയ കെട്ടിട നിർമ്മാണത്തിനും പഴയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾക്കും പ്രത്യേകമായി തുക വകയിരുത്താൻ കഴിയില്ല. അതിനാൽ ഇപ്പോഴത്തെ ബുദ്ധിമുട്ടുകൾ പാലക്കാട് ജില്ലാ കളക്ടറേയും, അഹാഡ്സ്, ഐ.റ്റി.ഡി.പി., പഞ്ചായത്ത് അധികൃതർ എന്നിവരെ ബോദ്ധ്യപ്പെടുത്തി ടി കേന്ദ്രങ്ങൾക്കായി പുതിയ കെട്ടിടമോ ഷെഡ്ഡോ നിർമ്മിക്കുന്നതിന് ധനസഹായം എസ്.എസ്.എ. ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്. അവ കെട്ടിയാൽ ടി കെട്ടിടങ്ങളുടെ നിർമ്മാണം, അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതാണ്.

റിട്ടയർ ചെയ്യുന്ന അദ്ധ്യാപകരും ഗ്രാറ്റുവിറ്റിയും

140 [3322] ശ്രീ. തമ്പാനൂർ രവി:
„ എ. പി. അനിൽകുമാർ:
„ എൻ. ഡി. അപ്പച്ചൻ:
„ എം. മുരളി:
„ ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രതിവർഷം എത്ര അദ്ധ്യാപകർ സർവ്വീസിൽ നിന്നും വിരമിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ;

(ബി) അവർക്ക് ഗ്രാറ്റുവിറ്റി നൽകുന്നതിന് ഒരു വർഷം എത്ര തുക വേണ്ടി വരുന്നുണ്ട്;

(സി) അദ്ധ്യാപകർ ഗ്രാറ്റുവിറ്റിക്ക് അർഹർ അല്ലെന്ന സുപ്രീം കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly